# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

ഒക്ടോബർ –31, 2017 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

### ജി.എസ്.ടി രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ പോർട്ടലിൽ സംവിധാനമായി

തിരുവനന്തപുരം:വാറ്റിൽ നിന്ന് ജി.എസ്.ടി യിലേക്ക് പ്രൊവിഷണൽ ആയി മൈഗ്രേറ്റ് ചെയ്യപ്പെട്ട ചെറുകിട കച്ചവടക്കാർക്ക് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാൻ ജി.എസ്.ടി പോർട്ടലിൽ സംവിധാനമായി. വാറ്റിൽ രജിസ്ട്രേഷൻ എടുക്കാനുള്ള വിറ്റുവരവ് പരിധി 10 ലക്ഷമായിരുന്നത് ജി.എസ്.ടി യിൽ 20 ലക്ഷമായി ഉയർത്തിയതോടെയാണ് ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷൻ ബാധ്യതയിൽ നിന്ന് ഒഴിവായത്. എന്നാൽ ജി.എസ്.ടി യിലേക്ക് ഓട്ടോമാറ്റിക്കായി മൈഗ്രേറ്റ് ചെയ്യപ്പെട്ട ഇവർക്ക് രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനുള്ള അവസരമാണ് പോർട്ടലിൽ നൽ കിയിട്ടുള്ളത്.

രജിസ്ട്രേഷൻ വേണ്ടെന്ന് വെയ്ക്കുന്ന വ്യാപാരികൾ ക്യാൻസൽ ചെയ്യാനുള്ള കാരണം വ്യക്തമാക്കി ജി.എസ്.ടി. പോർട്ടലിൽ ലഭ്യമായ ആർ.ഇ.ജി ഫോറം –29ൽ അപേക്ഷ സമർപ്പിക്കണം

ജി.എസ്.ടി.ആർ–2 തയ്യാറാക്കാനുള്ള ഓഫ്ലൈൻ ടൂളിന്റെ പുതിയ വേർഷനും പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. ജി.എസ്.ടി.ആർ.–2ൽ ഉള്ള വിവരങ്ങൾ എക്സൽ ഷീറ്റിലേക്ക് മാറ്റി വ്യാപാരിയുടെ വാങ്ങൽ വിവരങ്ങളുമായി ഒത്തുനോക്കുന്നത് കൂടുതൽ എളുപ്പമാക്കാൻ പുതിയ ടൂൾ സഹായിക്കും.

കോമ്പോസിഷൻ ഓപ്ഷൻ പ്രകാരം നികുതി അടയ്ക്കാൻ ഉദ്ദേശിക്കുന്ന വ്യാപാരികൾ ജി.എസ്.ടി. സി.എം.പി–2 ഫോറത്തിലും, കോമ്പോസിഷൻ ഓപ്ഷൻ തിരഞ്ഞെടുക്കുന്ന തീയതിയിൽ വ്യാപാരിയുടെ പക്കലുള്ള സ്റ്റോക്ക് വെളിപ്പെടുത്താൻ ജി.എസ്.ടി. സി.എം.പി–3 ഫോറത്തിലും അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ നവംബർ 30 വരെ ഓൺലൈനായി സമർപ്പിക്കാം.

“ജോബ് വർക്കിന്” നൽകുകയും വാങ്ങുകയും ചെയ്യുന്ന ചരക്കുകളുടെ വിവരങ്ങൾ നികുതിദായകർ മൂന്ന് മാസത്തിൽ ഒരിക്കൽ ജി.എസ്.ടി. ഐ.ടി.സി.–04 ഫോറത്തിലും.ജി.എസ്.ടി പോർട്ടലിൽ നടത്തുന്ന പേയ്മെന്റുകളെ കുറിച്ചുള്ള പരാതികൾ ജി.എസ്.ടി. പി.എം.ടി–07 ഫോറത്തിലും സമർപ്പിക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.